(ഡി) മലമ്പനി നിർമ്മാർജ്ജനം ഒരു ദേശീയാവശ്യമായതിനാൽ ഈ കാര്യത്തിന് കേന്ദ്രത്തിൽനിന്ന് ധനസഹായം ലഭിക്കുമോ;

(ഇ) ഇക്കാര്യത്തിൽ കൂടുതൽ മരുന്നും കൂടുതൽ ജീവനക്കാരും ആവശ്യമായിവരുന്ന ചെലവിന് കേന്ദ്രത്തിൽനിന്ന് സഹായമാവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1977, 1978 ഈ വർഷങ്ങളിൽ യഥാക്രമം 5468, 6196 പേർക്കു 1979 ജനുവരി മാസത്തിൽ 155 പേർക്കും മലമ്പനി ബാധയുണ്ടായിട്ടുണ്ട്. ഇതിൽ യഥാക്രമം 556-ഉം 607ഉം 7-ഉം കേസുകളാണ് മാത്രമാണ് തദ്ദേശീയമായിട്ടുള്ളത്.

(ബി) ആരും തന്നെ മരിച്ചില്ല.

(സി) കേരളത്തിൽ കണ്ടുവരുന്ന മലമ്പനി കേസുകളിൽ ഭൂരിഭാഗവും വിദേശരാജ്യങ്ങളിൽനിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. വിദേശ രാജ്യങ്ങളിൽനിന്നും വരുന്നവരിൽ മലേറിയാരോഗം ഉണ്ടോ എന്നു കണ്ടുപിടിക്കാൻ രക്തപരിശോധന നടത്തുന്നതിലേക്കായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരു ലാബറട്ടറി സ്ഥാപിക്കാൻ നടപടികളെടുത്തിട്ടുണ്ട്. തദ്ദേശ മലേറിയാ ബാധ നിർമ്മാർജ്ജനം ചെയ്യുന്നതിന് വീടുകൾ സന്ദർശിച്ച് രക്ത പരിശോധന നടത്തുക, ആശുപത്രികളിലും ഡിസ്പെൻസറികളിലും എത്തുന്ന പനി ബാധിച്ചിട്ടുള്ള എല്ലാ രോഗികളുടേയും രക്തം പരിശോധിക്കുക, രക്ത പരിശോധനയിൽ മലമ്പനി ബീജങ്ങൾ കാണുന്ന എല്ലാവർക്കും സത്വര ചികിൽസ നൽകുക, മലമ്പനി ബാധിതപ്രദേശങ്ങളിൽ ഡി.ഡി.റ്റി. തളിക്കുക എന്നീ നടപടികളെടുക്കുന്നുണ്ട്. കൂടാതെ മലമ്പനി നിർമ്മാർജ്ജനം ഊർജ്ജിതപ്പെടുത്തുന്നതിനായി ഒരു സോണൽ മലേറിയാ ഓർഗനൈസേഷൻ 1977ൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) നൂറു ശതമാനം കേന്ദ്രത്തിന്റെ ധനസഹായം ലഭിക്കുന്നുണ്ട്.

(ഇ) കേരളം മലമ്പനി നിർമ്മാർജ്ജനം പൂർത്തിയാക്കിയതിനു ശേഷം രോഗം വരാതിരിക്കാനുള്ള സംരക്ഷണ ഘട്ടത്തിലാണ്. അതിനാലാണ് കൂടുതൽ ധനസഹായം കേന്ദ്രത്തിൽ നിന്നു ലഭ്യമല്ലാത്തത്. എന്നാൽ ഇപ്പോൾ വീണ്ടും രോഗം കണ്ടുതുടങ്ങിയതിനാൽ സംസ്ഥാനത്തിനു അതുമൂലം വരുന്ന അധിക ചിലവിനായി കൂടുതൽ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

ആശുപത്രിയിലെ ചികിൽസാ സൗകര്യം

554 [809] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിലും മറ്റുപകരണങ്ങളും കൊടുക്കാത്തതു നിമിത്തം രോഗികളെ കിടത്തി ചികിൽസിക്കാൻ നിർവാഹമില്ലാത്ത ഇൻപേഷ്യന്റു വാർഡുകളും ഉള്ള എത്ര ഗവൺമെന്റ് ആശുപത്രികളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ പെട്ട വള്ളികുന്നം ആശുപത്രിയിൽ കട്ടിലും മെത്തയും മറ്റും ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നിർവാഹമില്ലാത്തതിനാൽ അവ കൊടുക്കണമെന്ന് പഞ്ചായത്തും പൊതുജനങ്ങളും വർഷങ്ങളായി നിവേദനം നടത്തിയിട്ടും ഗവൺമെൻറിൽനിന്നും യാതൊരു നടപടിയും എടുക്കാത്തതിനു കാരണമെന്ത്?

ഉത്തരം

(എ) നാല്.

(ബി) വള്ളികുന്നം ഗവൺമെൻറ് ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള ഇൻപേഷ്യൻറ് വാർഡ് ഇപ്പോഴില്ല. ഡിസ്പെൻസറികൾക്കു സർക്കാർ നേരിട്ടു വാർഡു നിർമ്മിച്ചു കൊടുക്കുന്നതിനും ബഡ്ജറിൽ വക കൊള്ളിക്കാറില്ല. വാർഡിനുള്ള കെട്ടിടം നാട്ടുകാരുടെ സംഭാവനയായി നിർമ്മിച്ചു തരുമ്പോൾ അതിനു വേണ്ട സ്റ്റാഫും മറ്റു കാര്യങ്ങളും ഗവൺമെൻറ് ഏർപ്പെടുത്തി കൊടുക്കുകയാണ് ഇപ്പോഴത്തെ പതിവ്. അതനുസരിച്ച് പഞ്ചായത്തോ ഉത്തരവാദപ്പെട്ട നാട്ടുകാരുടെ കമ്മറ്റിയോ സംഭാവനയായി വാർഡ് നിർമ്മിച്ച് തരാൻ മുന്നോട്ടു വന്നാൽ ഗവൺമെൻറ് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഹരിപ്പാട് ഗവൺമെൻറ് ആശുപത്രിയിലെ പേ വാർഡ്

555 [810] ശ്രീ. ജി.പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് ഗവൺമെൻറ് ആശുപത്രിയിലെ പേ വാർഡിൻെറ ഒന്നാം നിലയുടെ പണി എന്തായി എന്നു വിശദീകരിക്കുമോ?

ഉത്തരം

ഹരിപ്പാട് ഗവ. ആശുപത്രിയിൽ ഇപ്പോഴുള്ള പേ വാർഡിൻെറ മുകളിൽ ഒന്നാം നിലകൂടി പണിയുന്നതിനാവശ്യമായ അസ്ഥിവാരം ഇട്ടിട്ടുണ്ട്. കൂടുതൽ പേ വാർഡുകളുടെ ആവശ്യം പരിഗണിച്ചും ധനാഗമമാർഗ്ഗങ്ങളും തീർച്ചയാവുന്നതനുസരിച്ചും ഹരിപ്പാട് ഗവൺമെൻറ് ആശുപത്രിയിലെ പേ വാർഡിൻെറ ഒന്നാംനില നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

പെരിന്തൽമണ്ണ ആയുർവ്വേദ ആശുപത്രി

556 [811] ശ്രീ. കെ.കെ.എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ ആയുർവ്വേദ ആശുപത്രിയിൽ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ബഡ്ഡ് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ബഡ്ഡുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly